M·S
241

241

# ദ്യരത്നമാല.

(*Approved by the Text Book Committee of Cochin.*)

പ്രകാശകൻ

എച്ച്. പെരുമാൾപിള്ള

പകൎപ്പവകാശം.

൧൦൯൦.

# പദ്യരത്നമാല.


പ്രകാശകൻ

മാവേലിക്കര

എച്ച്. പെരുമാപിള്ള



"രാജരാജ വർമ്മ പ്രസ്സ്"

തിരുവനന്തപുരം.

൧൦൮൦.

# വിഷയാനുക്രമണം.

൧. ദൈവഭക്തി.

ദാമോദരൻ കർത്താവ്.

൨. ഗുരുഭക്തി.

പേട്ടയിൽ ഇ. രാമൻപിള്ള ആശാൻ.

൩. ആഹാരം.

ഡാക്ടർ. എൽ. എ. രവിവൎമ്മ കോയിത്തമ്പുരാൻ. എം. ബി. സി. എം.

൪. സംസൎഗ്ഗം.

നെയ്യൂർ. പി. പത്മനാഭപിള്ള ബി. എ.

൫. അഹിംസ.

മൂല്ലൂർ. എസ്സ്. പത്മനാഭപ്പണിക്കർ.

൬. മടി.

കെ. പപ്പുപിള്ള ബി. എ.

൭. സഹോദരസ്നേഹം.

പന്തളത്തു കേരളവൎമ്മ തമ്പുരാൻ.

൮. സുശീലം.

പന്തളത്തു പറവേലി കെ. രാമൻപിള്ള.

൯. പരോപകാരം.

രാജകീയ കാളേജ്. മലയാള പണ്ഡിതർ, സി. പി. പരമേശ്വരൻപിള്ള. എം. ആർ. എ. എസ്സ്.

൧൦. ശുചിത്വം.

വള്ളത്തോൾ നാരായണമേനോൻ.

൧൧. കോപം.

പേട്ടയിൽ ഇ. രാമൻപിള്ള ആശാൻ.

൧൨. ആരോഗ്യം.
ഡാക്ടർ എൽ. എ. രവിവർമ്മ കോയിത്തമ്പുരാൻ
എം. ബി. സി. എം.

൧൩. സ്നേഹം.
മൂല്ലൂർ എസ്. പത്മനാഭപ്പണിക്കർ.

൧൪. ശരീരം.
ഡാക്ടർ എൽ. എ. രവിവർമ്മ കോയിത്തമ്പുരാൻ
എം. ബി. സി. എം.

൧൫. ഈശ്വരസ്മരണ.
പന്തളം പറവേലി കെ. രാമൻപിള്ള.

൧൬. പുഴക്കര.
വള്ളത്തോൾ ഗോപാലമേനോൻ.

൧൭. വാഴ.
കിളിമാന്തൂർ കെ. ശംകരവാര്യർ.

൧൮. തെങ്ങ്.
പരവൂർ. വി. കേശവനാശാൻ.

൧൯. കോഴി.
വള്ളത്തോൾ. ഗോപാലമേനോൻ.

൨൦. ശയനം.
ശ്രീകണ്ഠേശ്വരം, ജി. പത്മനാഭപിള്ള.

൨൧. ആറ്.
പട്ടം എൻ. കൊച്ചുകൃഷ്ണപിള്ള ബി. എ.

241

# പദ്യരത്നമാല.

## ൧ ദൈവഭക്തി

൧. ക്ലേശമെല്ലാം കളയുവാ
നാശയുള്ളവരൊക്കയും ।
ഈശനെ ഭക്തിയോടേററ
മാശയേ ചിന്തചെയ്യുവിൻ ॥

൨. ശക്തിപോലീശനേ നിത്യം
ഭക്തിയോടേ ഭജിക്കിലൊ ।
അത്തലെല്ലാമകന്നേററം
ഹൃത്തിലാനന്ദവും വരും ॥

൩. സ്നിഗ്ദ്ധരും ബാന്ധവന്മാരും
മക്കളും മരുമക്കളും ।
മുഗ്ദ്ധയാം ഭാര്യയും തെല്ലും
ശക്തരല്ലഴൽ പോക്കുവാൻ ॥

൪. മൃത്യുരോഗാദി ദുഃഖങ്ങൾ
തീർത്തിടുന്നഖിലേശനെ ।
ഹൃത്തലിഞ്ഞു ഭജിക്കുന്നോ
ർക്കത്തലില്ലൊരു കാലവും ॥

ദാമോദരൻ കർത്താവു്.

# ൨ ഗുരുഭക്തി

൧. നമ്മുടെ ബാലചാപല്യ
കർമ്മമെല്ലാം സഹിച്ചലം
നമ്മെ വിദ്യ പഠിപ്പിച്ചോർ
തമ്മെ നാം കൈവണങ്ങണം ॥

൨. ഗുരുമന്ദാര ദാരുക്കൾ
തരുമാജ്ഞാ സുമങ്ങളെ
ശിരസ്സിൽ ചേർത്തു തെററാതെ
ശരിയായ് നാം നടക്കണം ॥

൩. താഴ്മയായും സ്വരം പാരം
നേർമ്മയായു മൊതുങ്ങിയും
ഓർമ്മിച്ചും വേണമാചാര്യ
നാമ്മഹാത്മാവൊടോതുവാൻ ॥

൪. ആചാര്യന്മാർക്കു സൌഖ്യത്തി
ന്നുതകുംവണ്ണമെപ്പൊഴും
ആയവണ്ണം തുണക്കേണം
ആയവർക്കു കൃതാജ്ഞരായ് ॥

൫. ഗുരുഭക്തിക്കു വഴിയായ്
വരുമീശ്വര ഭക്തിയും
പര ഭക്തികളോ പിന്നെ
വരുമാമാർഗ്ഗമായ് ക്രമാൽ ॥

പേട്ടയിൽ ഇ. രാമൻപിള്ള ആശാൻ.

# ൯ ആഹാരം

൧. ‘‘ചൊട്ടച്ചാൺ വയറിന്നാണി
ക്കഷ്ടപ്പാടെ’’ന്ന ചൊല്ലുകേൾ.
ഒട്ടും നേരല്ല പാടെല്ലാം
പെട്ടീടാൻ വയറോൎക്കുക ||

൨. മിതമായ് ഹിത ഭക്ഷ്യങ്ങൾ
പതിവായാചരിപ്പവൻ
അതിയായ് ഭിഷഗിൻ കയ്യിൽ
ബത പെട്ടിടുകില്ലടോ ||

൩. മാംസമന്നരസം സ്നേഹം
ജലം ലവണജാലവും
ക്രമീകരിച്ചു ഭക്ഷിപ്പോൻ
ദീൎഘായുഷ്മാനഹോ ഭുവി ||

൪. ആഗ്രഹം തോന്നിടും മട്ടു
പചിച്ചവ, ചവച്ചു താൻ
തിന്നണം ഹൃത്തിന്നും തോഷം
വന്നീടും കൂട്ടുകാരൊടും ||

൫. ഊണിന്റെ കൂടെയധികം
വെള്ളമാരും കുടിക്കൊലാ
ഇതു ദോഷദമായുള്ളൊ
രഭ്യാസം ജന്തുവൎജ്ജിതം ||

൩. വിശക്കാതെ നിറക്കൊല്ലാ
വിശന്നാലും നിറക്കൊലാ
കണ്ടതെല്ലാം ചെലുത്തീട്ടു
വയർ വീൎപ്പിച്ചു കൊള്ളൊലാ ॥

ഡാക്ടർ. എൽ. എ. രവിവൎമ്മ കോയിത്തമ്പുരാൻ
എം. ബി. സി. എം.

---

# ൪ സംസൎഗ്ഗം

൧. ദുഷ്ടമായൊരമേദ്ധ്യത്തിൽ
തട്ടി വീഴുന്ന കാററുപോൽ ।
ദുഷ്ട സംസൎഗ്ഗിയായോനേ
വിട്ടു മാറുന്നു സജ്ജനം ॥

൨. ചാരു പുഷ്പങ്ങൾ ചേരുന്ന
നാരിനെപ്പോലെ മാനവർ ।
നിത്യം സൽസംഗിയെ മോദാ
ലുത്തമാംഗെ ധരിച്ചിടും ॥

൩. മിന്നും ശോഭ കലൎന്നീടും
പൊന്നിലും ചളി പററിയാൽ ।
മറയും ശോഭയെന്നുള്ള
തറിയാതാരു ഭൂതലേ ॥

൪. ചാരത്തു ദുഷ്ടരെക്കണ്ടാൽ
ദൂരത്തു വഴിമാറണം ।
ക്രൂരമാം പന്നഗത്തിൻെറ
നേരേ ചെല്ലുന്നതാരിഹ ॥

൫. സാധുസംഗം വിടാതെന്നും
സാധിപ്പാൻ വേല ചെയ്യണം ॥
സാധുക്കൾ വാഴും ദേശത്തി
ല്ലാധിഭീതികളേതുമേ ॥

നെയ്യൂർ. പി. പത്മനാഭപിള്ള. ബി. എ.

## ൩ അഹിംസ

൧. കട്ടുറുമ്പു, കൊതു, കീച്ച, പക്കി, മ
ണ്ണട്ട, വിട്ടിലിതി സാധുജീവിയേ
ഇഷ്ടമററുനിഹനിപ്പതെത്രയും
കഷ്ടമാണറിക കൊച്ചുകുട്ടരെ ॥

൨. നാക്കെട്ടുക്കവഹിയാത്തൊരാവക-
ക്കാക്കുമുണ്ടുടയ പൊന്നുതമ്പുരാൻ
നായ്ക്കുളും നരരുമൊന്നുപോലെയാ
ണോക്കവീൻ പൊതു പിതാവിന്നെന്നുമേ ॥

൩. അല്പ ജീവിയെ വധിച്ചു നാം ക്രമ
ലല്പശഃ പരിചയിച്ചു നാൾക്കുനാൾ
അക്കട്ടം കൊലയിലുള്ളിനുള്ളറ
പ്പൊക്കെ മാറ്റു കഠിനതചമാന്നിട്ടും ॥

൪. തുല്യസൃഷ്ടികളിൽ വേണമെപ്പൊഴും
നല്ലപോലെ ദയയുള്ളിലേവനും
തല്ലുവാനുമൊരു സാധു ജന്തുവേ
കൊല്ലുവാനുമിടവന്ന പോൽ കൊലാ ॥

൫. കീര, പാവൽ, ചുര, ചുണ്ടയിത്തരാ
ഭൂരിസസ്യതതിയുണ്ടു ഭൂമിയിൽ
സാരമായവ പചിച്ചുതിന്നുകിൽ
പോരയോ രുചിയുമുണ്ടു നന്മയും ॥

൬. നെല്ലു പുല്ലുകൾ കൊടുത്തുവേണ്ടപോ
ലുല്ലസിച്ചിഹ വളത്തി വിട്ടിട്ടും
നല്ല കോഴി പുനരാടിവററയേ
കൊല്ലുവാൻ നരനുറപ്പതെങ്ങിനെ ॥

൭. നാം വിളിക്കുമളവോടി വന്നിട്ടും
നാം വെറുക്കുമളവങ്ങുപോയിട്ടും
ഹാ! വിധേയതരമായ ജീവിയേ
നാം വധിപ്പതു കടുത്ത പാതകം ॥

മലൂർ. എസ്സ്. പത്മനാഭപ്പണിക്കർ.

# ന്വ മടി

൧. മടിയെപ്പോലുലകിൽദ്ദു-
ഷ്ടമായില്ല്യയൊന്നുമെ
പിടികൂടിയതെന്നാകിൽ
മുടിയുന്നതു നിൎണ്ണയം ॥

൨. ഇന്നു ചെയ്യേണ്ട കാൎയ്യത്തെ
പിന്നെയെന്നാക്കിവെപ്പവൻ
മന്ദനാണവനെപ്പോലെ
നിന്ദ്യനാരുള്ളിത്തുഴിയിൽ ॥

൩. ചൊടിയോടു തുടങ്ങുമ്പോൾ
മടിവന്നാടി കൂപ്പിടും
ഉടനെങ്ങടിമപ്പെട്ടാൽ
വിട്ടുഭോഷനതായ്‌വരും ॥

൪. മടിയൻ മടയൻ രണ്ടാം-
കൂടൽ രണ്ടാണതെങ്കിലും
മടയൻ ഭേദമാണല്പം
മടിയൻ, താണവൻ തുലോം ॥

൫. ഏതു സൽക്കാൎയ്യമായാലും
ബാധയുണ്ടതിലെന്നു താൻ
വാദമിട്ടു തടസ്ഥങ്ങ-
ളോതുമെ, മടിയൻ ദൃഢം ॥

൯. തുടങ്ങീടും മുടക്കീടും
മുടക്കീട്ടു മുഷിഞ്ഞിടും
ഒടുക്കം നാശമാക്കീടും
മടിയന്നുള്ള ലക്ഷണം ‖

൧൦. മടികൊണ്ടുള്ള ദോഷങ്ങൾ-
ക്കടയോൻ ദൈവമെന്നു താൻ
മടിയൻ ചൊല്ലിടുന്നോരാ
വിടുവാക്കു നിരൎത്ഥകം ‖

൧൧. ഉടൽ വെന്തു കരിഞ്ഞാലും
കുടൽ വററിയുണങ്ങിലും
കുടിനാശമുദിച്ചാലും
മടിയൻ ക്രുസുകില്ലഹൊ ‖

൧൨. മനുജൎക്കുള്ള രോഗത്തിൽ
മടിപോലുററമുള്ളതായ്
മറുരോഗമതില്ലന്നു
മഹാമതികൾ തമ്മതം ‖

൧൩. ഒരുനാൾ ചൊടിയും പിന്നീ-
ടൊരുനാൾ മടിയും വിനാ
സ്ഥിരമായ് പരമോത്സാഹ-
ത്തിരയിൽ പെരുമാറണം ‖

കെ. പപ്പുപിള്ള ബി. എ.

---

# ൧ സഹോദര

## സ്നേഹം.

൧. മോഹമേതും പെടാതെ സഹോദര
സ്നേഹമേവക്കുമാവശ്യമെന്നതാൻ
മാനസത്തിലുറച്ചു നടപ്പവൻ
മാനവന്മാക്കു മുമ്പനായ്ത്തീന്നിടും ‖

൨. ജ്യേഷ്ഠനും തമ്മിലോററമനുജനും
ശാഠ്യമില്ലാതെ യോജിച്ചിരിക്കിലൊ
സൌഖ്യമെല്ലാം ജവത്തിൽ ഫലിച്ചിടും
ശ്രേഷ്ഠഭാവമതിനാലുയന്നിടും ‖

൩. വീഴ്ചയേതും പിണയാതെയെന്നുമേ
വേഴ്ചപൂണ്ടു വസിപ്പോക്കപാക്കിലൊ
താഴ്ചപററില്ലതെല്ലും വിപത്തുതൻ
കാഴ്ചകാണേണ്ടതായിട്ടുവന്നിടാ ‖

൪. ദ്രോഹബുദ്ധി നിനയ്ക്കൊല്ലസോദര
സ്നേഹമാരിലുമുണ്ടായിരിക്കണം
സാഹസമായ്പിണങ്ങിത്തുടങ്ങിയാൽ
ദേഹികൾക്കതു സവ്വാത്ഥനാശകം ‖

൭. എത്രയും സ്നേഹമാൎന്നു പരസ്പരം
മിത്രഭാവത്തിൽ വാഴും ജനങ്ങളിൽ
പൂൎത്തിയായിസ്സമാധാനശക്തിയും
കീൎത്തി സമ്പത്തുമെന്നുംവളൎന്നിടും ॥

പന്തളത്തു കേരളവൎമ്മത്തമ്പുരാൻ.

---

## ൮ സുശീലം

---

൧. നല്ലതാകിയൊരു ശീലമുള്ളവ-
ൎക്കല്ലലിന്നു വകയില്ലതെല്ലുമേ
വല്ലഭത്വമിയലുന്നമേദിനീ-
വല്ലഭൎക്കുമവരിഷ്ടരായ്‌വരും ॥

൨. ചാരുശീലഗുണമാൎന്നിടുന്ന സൽ-
പൂരുഷൎക്കു പരമിദ്ധരിത്രിയിൽ.
ആരുമിന്നു തുണയായിനിന്നിടും
ഭീരുതയ്ക്കു വഴിയില്ല ലേശവും ॥

൩. നേരു, നീതി, വിനയം തുടങ്ങിടും
പേരുകേട്ട പല സൽഗുണങ്ങളും.
ചേരുമൎത്ഥമതിയ്ക്കു പാൎക്കിലി-
പ്പാരുതന്നെ നിജകൈവശത്തിലാം ॥

൪. സൽസ്വഭാവമിയലുന്ന മാനവൻ
നിസ്വതയ്ക്കു വശനായ്ഭവിക്കിലും.
നൽ സദസ്സിലവനേസ്സധിപ്രജം
വൽസലത്വമൊടുമാദരിച്ചിടും ‼

൫. വിദ്യയും, ധനവു, മാഭിജാത്യവും
ഹൃദ്യമാംകിയൊരു ശീലമൊന്നിനാൽ.
ഉദ്യമത്തൊടു നമുക്കു നേടിടാം
സദ്യശസ്സുമതുകൊണ്ടുയന്നിടും ॥

പന്തളത്തു, പറവേലി കെ. രാമൻപിള്ള.

---

## ൯ പരോപകാരം

---

൧. ഒരു പൈതകൊണ്ടു മാത്ര-
മുരുളുന്നില്ല വണ്ടികൾ:
കരുതീട്ടിതു നാമന്യ-
ക്കരുളീടുക നൽത്തുണ ॥

൨. കുലയും മടലും നല്ല
തലയും വെട്ടുവോനുമേ,
ഓലയാൽ തണൽ നൽകിത്ത-
ങ്ങിളനീർവെള്ളമേകിടും ॥

൩. ദേവകണ്ഠത്തിലപ്പിക്കാം
പൂവങ്ങാവാഴനാരിനും
നവമാഹാത്മ്യമേകുന്നു
പൂവിനാനാരു ഭംഗിയു =

൪. വൈരത്തിൻ ചേൎച്ചയാൽ പൊന്നു
പാരം ശോഭിച്ചിടുന്നതേ:
പൊന്നിൻെറ തുണകൊണ്ടല്ലൊ
മിന്നു വൈരം പലെതരം ॥

൫. ആററിനെപ്പോററുവാനായി
ട്ടൂററനേകം വരുന്നതേ
ആറോ കടലൂവററാസ്സാൻ
കൂറോടെത്തിത്തുണച്ചിടും ॥

൬. ശൈലങ്ങൾ തലകൊണ്ടഭ്ര-
തലത്തെയുഴിയുന്നതേ;
തലയ്ക്കു തൊപ്പിപോൽമേഘ-
വലയം മലകൾക്കുമാം ॥

൭. മണവും നിറവും ചേൎന്നു
ഗുണം പൂവിന്നു വന്നതേ
അണയും രാത്രി നക്ഷത്ര
ഗണത്തിൻ തുണയാൽ ഗുണം ॥

൮. പരസ്പരസഹായത്തെ
പരം പ്രകൃതിയീവിധം
പരിചിൽ കണ്ടു ചെയ്തീടാൻ
പഠിപ്പിക്കുന്നു നമ്മളെ ॥

൯. പരോപകാരൌഷധത്തിൽ
വരപ്രകൃതിമേന്മയൊടി
ചേൎത്തു ലോകൎക്ക നന്മയ്ക്കായ്
നൽകേണം നമ്മളേ വരും ॥

രാജകീയ കാളേജ്. മലയാള പണ്ഡിതർ.
സി. പി. പരമേശ്വരൻപിള്ള.
എം. ആർ. എ. എസ്.

---

## ൧൦ ശുചിത്വം.

---

൧. എല്ലാററിലും വച്ചു മികച്ച ഭാഗ്യ,-
മാരോഗ്യമാകുന്നു നമുക്കു പാരിൽ;
ശുചിത്വമാണായതിനെത്തരുന്ന
ത:—ൎക്കൻവെളിച്ചത്തിനെയെന്നപോലേ.

൨. നമ്മൾക്കു മന്നിൽപ്പല നന്മ നേടാ
നുണ്ടാ;—യതിന്നായ്, ദയ ചെയ്തു ദൈവം
തന്നോരു ദേഹത്തെ വെടുപ്പിലാക്കി
വെയ്ക്കായ്കിൽ. നമെത്ര കൃതഘ്നരാകും!

൩. അഴുക്കു ദേഹത്തിലിരുന്നിടൊല്ലാ;
മുഷിഞ്ഞ വസ്ത്രങ്ങളുടുത്തിടൊല്ലാ;
വപുസ്സിനററാഭരണം, ശുചിത്വ-
മത്രേ: മനസ്സിന്നറിവെന്നപോലെ.

൪. പ്രാണൻ കണക്കെ പ്രിയമായ വസ്തു
മറെറാന്നു നമ്മൾക്കുലകിങ്കലുണ്ടോ?
അതിൻെറ വീടായ ശരീരമെത്ര
സൂക്ഷിച്ചു നാം വൃത്തിയിൽ വെച്ചിടേണം!

൫. ഹാ! മുല്ലതൻ പൂവിതു, നോക്കുകെ,ത്ര
ത്തുവെണ്മയും ഭാഗിസുമാൻറു നില്പൂ!
ഇതേവിധം ശോഭനമാകുമല്ലോ,
ശുചിത്വമൊത്തുള്ളൊരുവൻെറ മെയ്യും ॥

വള്ളത്തോൾ. നാരായണമേനോൻ.

---

## ൧൧ കോപം.

---

൧. ദുർവാസസ്സെന്നാ കോപാഗ്നി
പവ്വതം പൊട്ടിയെത്രയോ
ദുർവ്വാരശാപമാം തീയാൽ
പൂർവ്വികന്മാർ വലഞ്ഞുപോയ് ॥

൨. കോപം വൻകൊല ചെയ്യിയ്ക്കും
പാപത്തിൻ ബീജമാണതു
സ്വപ്നത്തിൽപ്പോലുമുണ്ടാകാ
താവാനാവത്തുമോൎക്കണം ॥

൨. കോപമുള്ളിലുദിയ്ക്കുമ്പോൾ
ഭാവം പെട്ടെന്നു മാറിടും
വ്യാപിയ്ക്കുമ്പൊഴതൊന്നായി
ക്ഷോഭിപ്പിയ്ക്കും വപുസ്സിനെ-

൩. ശാന്തമാനുഷനെപ്പോലും
ഭ്രാന്തനാക്കിച്ചമച്ചിടും
ആന്ധ്യസന്താന കോപത്തെ
ക്ഷാന്തിയാലേ കുറയ്ക്കണം ॥

൪. കാലനെക്കാളുമുഗ്രതം
കോലും കുട്ടാം പിശാചിനെ
ഒരം ലോകരൊത്തൊഴിച്ചെന്നാൽ
ഭൂലോകം നവനാകമാം ॥

പേട്ടയിൽ. ഇ. രാമൻപിള്ള ആശാൻ.

---

## ൧൨ ആരോഗ്യം

---

൧. ഭിത്തിയില്ലാതെ ചിത്രങ്ങൾ
എഴുതാൻ തരമാകുമോ
കർമ്മത്തിനേകമാധാരം
ഗാത്രമാരോഗ്യ സംയുതം ॥

൨. ധൎമ്മാൎത്ഥകാമമോക്ഷങ്ങൾ
ചെമ്മേ സാധിച്ചു കൊള്ളുവാൻ
ഇമ്മെയ്യിൻ ബലമാധാര
മെന്നു തത്വം മറക്കൊലാ ॥

൩. ആരോഗ്യമില്ലാത്തവർ തൻ
ബുദ്ധിക്കു ബലമില്ലെടോ
പൊളിഞ്ഞോരമ്പലത്തിന്റെ
നാഥനേ വകവെയ്പുതാർ ॥

൪. ധൎമ്മസാധനമായിട്ടു
സത്തുക്കൾ കരുതും ബലം
പരപീഡനത്തിനും മോടി
കൂട്ടാനും ഹന്ത ദുൎജ്ജനം ॥

൫. ധനവിദ്യാദികൾക്കുള്ള
ദാരിദ്ര്യം ബഹുസങ്കടം
എങ്കിലും ദുഃഖമാരോഗ്യ-
ദാരിദ്ര്യംപോലെയല്ലെടോ ॥

൬. തങ്ങൾക്കു സങ്കടം ശുശ്രൂ-
ഷിപ്പവൎക്കു മതിശ്രമം
കാണ്മവൎക്കുമഹോ ദുഃഖ
മനാരോഗ്യം ഭയങ്കരം ॥

൭. ധനവിദ്ദ്യാദി കൊണ്ടേത്താ-
ലനാരോഗ്യന്നു കിംഫലം
ആരോഗ്യമേകമാണെല്ലാ
ത്തിലും ശ്രേഷ്ഠതമം ധനം ॥

൮. ശരീരഗുണദോഷങ്ങൾ
തൻ സന്താനാദികൾക്കഹോ
ചെന്നു ചേരുന്ന സമ്പാദ്ദ്യ
മെന്നുള്ളതു മറക്കൊലാ ॥

൯. അതിനാലീധനം നേടാ
നതിയായി ശ്രമിക്കുവിൻ
വിലതീരാത്തൊരാരോഗ്യം
കളിയായ്ക്കളയാവതോ ॥

ഡാക്ടർ എൽ. എ. രവിവൎമ്മ കോയിത്തമ്പുരാൻ.
എം. ബി. സി. എം.

---

## ൧൩ സ്നേഹം

---

൧. തൊഴിൽ, വാക്ക, മനസ്സെല്ലാം
വഴിയൊന്നാക്കിവെക്കുവാൻ
കഴിയുന്നതിനേതന്നെ
യെഴുതാം സ്നേഹമെന്നിഹ ।

൨. തൻകുടുംബത്തെയും തന്റെ
ജാതിയേയുമതേവിധം
ദേശത്തേയും കുറിച്ചുള്ളിൽ
സ്നേഹം മർത്ത്യക്കു വേണ്ടതേ ॥

൩. പരോക്ഷമപ്രിയം ചൊല്ലി
പ്രത്യക്ഷം പ്രിയമോതുവോൻ
വായ്ക്കൽ മാത്രം പാലുചേരും
വിഷകുംഭത്തിനൊക്കുമേ ॥

൪. ദർശനം ഭാഷണം പിന്നെ
സ്പർശനം മുതലായവ
ഉള്ളലിഞ്ഞു നടത്തീടാ
വുള്ളവൻ സ്നേഹമാന്നവൻ ॥

൫. മഹാരാജാവു നമ്മൾക്കു
കാണപ്പെട്ടുള്ള ദൈവതം
ഭക്തിപൂർവ്വകമായ്‌വേണം
സ്നേഹിപ്പതവനീശനേ ॥

൬. ചരാചരങ്ങളെല്ലാമേ
സൃഷ്ടിച്ച ജഗദീശനേ
സർവ്വോപരി, സദാകാലം
സ്നേഹിച്ചീടേണമേവരും ॥

മുല്ലൂർ എസ് പത്മനാഭപ്പണിക്കർ.

## ൧൪ ശരീരം

൧. മനുഷ്യരുണ്ടാക്കിടുന്ന-
യന്ത്രാളികളശേഷവും
അപൂർവ്വശില്പിയെ കണ്ടി-
ട്ടൊപ്പംകാട്ടുക മാത്രമാം ॥

൨. രാജ്യതന്ത്രജ്ഞരാലോചി-
ച്ചോരോ നീതികൾ ചെയ്വതും
പണ്ടേ ശരീരഭാഗങ്ങൾ
ചെയ്തുവന്ന വിധങ്ങൾ താൻ ॥

൩. ശില്പസാമർത്ഥ്യസംസ്ഫൂർത്തി
നിത്യം മാനുഷഗാത്രമാം
ഇതൊന്നേ തനിയെ കേടു-
നീക്കും യന്ത്രം മഹാത്ഭുതം ॥

൪. കഷ്ടമേ! തീരെ നിസ്സാര
മാകും വാച്ചിതിലും ജനം
സൂക്ഷിക്കുന്ന വിധം കണ്ടാൽ
ചിരിയാവാത്തതാർക്കുതാൻ ॥

൫. വെയിലും മഴയും കാററും
കൊള്ളിച്ചും മററുമട്ടിച്ചും
പണം കൊതിച്ചു ഗാത്രത്തെ
പിണം പോൽ കളയുന്നിതേ ॥

൩. അന്യോന്യം വേണ്ടപോലുള്ള
സഹായംചെയ്തു നിത്യവും
വാഴാഞ്ഞാലാകയില്ലൊന്നു
മെന്നോൎത്തുനിഹഗാത്രവും ॥

ഡാക്ടർ എൽ. എ. രവിവൎമ്മ കോയിത്തമ്പുരാൻ.
എം. ബി. സി. എം.

---

# ൧൭ ഈശ്വര സ്മരണ

൧. മരണം വരയും താപ-
തരണത്തിന്നു നിത്യവും.
വരണം മാനവക്കീശ-
സ്മരണം ഭക്തിപൂൎവ്വകം ॥

൨. അന്തരായങ്ങൾ നീങ്ങീടാ
നന്തരംഗത്തിലേവനും
സന്തതാ ഭഗവൽ പാദം
ചിന്തചെയ്തീടണം ദൃഢം ॥

൩. ഗുരുപാദത്തെയും നിത്യം
കരുതിത്തന്നെ പാൎക്കണം
പെരുതായ, ഗുരുത്വത്താൽ
പുരുഷാൎത്ഥങ്ങൾ നേടിടാം ॥

൪. ഗതിയും; ധനവും, മാന്യ-
സ്ഥിതിയും, മററു സർവ്വവും.
അതി പാവനമാം ദൈവ-
സ്മൃതികൊണ്ടേ ലഭിച്ചിടു. ॥

പന്തളം പറവേലിൽ കെ. രാമൻപിള്ള.

---

# ൧൬ പുഴക്കൾ

---

൧. കണ്ടാലറയ്ക്കും വടിവാണ്ടതായും,
കാഴ്ചയ്ക്കു കൌതുഹലകാരിയായും,
കിടന്നിടുന്നു പല മട്ടിലായി-
ക്കീടങ്ങളിപ്പാരിനകത്തസംഖ്യം ॥

൨. തുടപ്പു, മഞ്ഞപ്പു, വെളുപ്പുതൊട്ട-
വർണ്ണം കലൎന്നും, പലരൂപമാൎന്നും
കാണപ്പെടുന്നിച്ചെറുതാം പുഴക്കൾ
പാൎത്തിട്ടിലെമ്മട്ടുളവായിടുന്നു ॥

൩. എല്ലാറ്റുമെന്ന്യേ കൃശമായ്ക്കുഴഞ്ഞ-
മെയ്യിന്നു വയ്ക്കില്ല ബലം തരിമ്പും,
ജീവിയ്ക്കുവാനിച്ചെറുജീവികൾക്ക
പൂടാവിതാൻ പോഷകമാം പദാൎത്ഥം ॥

൪. തുച്ഛങ്ങ, ളിപ്രാണികളെന്നതെല്ലും,
പുച്ഛിച്ചിടായ്കി; ചെറുതാം പുഴുക്കൾ,
തൻമെയ്യിനാലിബ്ഭുവനത്തിലെന്നും
ചെയ്യുന്നതുണ്ടുറ്റുപകാരമേറ്റം ॥

വള്ളത്തോൾ ഗോപാലമേനോൻ.

---

## ൧൭ വാഴ

---

൧. ഊഴിതൻ പുണ്യസന്താന-
ത്താഴികക്കുടമായിട്ടും
വാഴേ! നിൻഗുണമോരോന്നും
വാഴ്ത്തുവാനാൎക്കശക്യമാം ॥

൨. കുലയും കൂമ്പുമൊത്തുള്ള
നിലയും കാറ്റടിക്കവേ
ഉലയും പത്രവും കണ്ടാൽ
വിലസും ചിത്തമേവനും ॥

൩. ചെറുകുഞ്ഞുങ്ങൾ മാതാവിൻ
പരിചര്യക്കൊതിച്ചുപോൽ
ചെറുകന്നുകൾ നിൻചുറ്റും
പരിശോഭിച്ചിടുന്നതേ ॥

൪. സുരവൃക്ഷഫലം മണ്ടി
മറയും നൽഫലങ്ങളെ
ചിരകാലാൽ ഫലിപ്പിച്ചു
പരന്നേകുന്നു നിത്യവും ॥

൫. കുലച്ചു ഫലമുണ്ടായാൽ
തല നീ താഴ്ത്തിവാണിടും
സമ്പത്തുണ്ടായിടും നേരം
സത്തന്മാരെന്നപോലവേ ॥

൬. ആയുസ്സു വളരെ തുച്ഛ
മാണുവാഴെ നിനക്കെടൊ
എന്നാലും നീയ്യുലോകക്കു
തന്നീടും ഫലമത്ഭുതം ॥

കിളിമാനൂർ കെ. ശംകരവാര്യർ.

---

## ൧൮ തെങ്ങു

---

൧. എണ്ണ, നൈ, പാലു, പിണ്ണാക്കു,
വെണ്ണ, തണ്ണീർഫലം, മധു
എണ്ണമില്ലഖിലം വസ്തു
തിണ്ണന്നേകുന്നു തെങ്ങുതാൻ ॥

൨. വിണ്ണിൽ കല്പകവും, പയ്യും
മണ്ണിൽ തെങ്ങും സമംസമം
ദണ്ഡമെന്യെ ഭജിപ്പോരെ
വണ്ണിപ്പിക്കുന്നിതെപ്പോഴും ॥

൩. തന്നെസ്സേവിപ്പവർക്കെന്നെ-
ല്ലന്യർക്കുമുപകാരിയായ്
മന്നിൽ പാർത്തുനശിക്കുന്നു·
ധന്യനായ കുഡുംബി പോൽ ॥

൪. തെങ്ങേ; നീയത്ര പൊങ്ങേണ്ട,
പൊങ്ങുമാറില്ല സജ്ജനം
നിനക്കു തുല്യനായിട്ടു
കല്പകദ്രുമമുണ്ടെടൊ ॥

൫. അന്യായ ക്രിയ ചെയ്യാതെ
യന്യരോടിടരെന്നിയെ
അന്യോപകാരിയായുള്ള
മാന്യദേശസ്ഥനാണിവൻ ॥

൬. ധനമാണഖിലാംഗങ്ങൾ
ഗുണമാണു പ്രവൃത്തികൾ
കനമായ് പ്രകൃതിക്കുള്ള
ധനമോ? കേരഭൂരുഹം ॥

൭. പൊങ്ങും ദാരിദ്ര്യ വൻകുണ്ടിൽ
മുങ്ങുന്നോരു ജനത്തിനും
തെങ്ങാണു തോണിയാസ്ഥിന്നു
താങ്ങിടുന്നതു സർവ്വദാ ॥

൮. മദ്ധ്യമാണു വിശേഷിച്ചും
വൈദ്യമായുള്ളതെങ്കിലും
വിദ്യോതിക്കുന്നു ദോഷാല്പം
വിദ്വാന്മാരിലതെന്നപോൽ ॥

പറവൂർ വി. കേശവനാശാൻ.

---

## പൂൻ കോഴി

---

൧. പല നിറമിടചേൎന്നുതുവ്വൽമിന്നും
ചിറകുകളും തലയിൽത്തുടുത്തപൂവും
പിറകിലുയരുമങ്കവാലുമൊക്കും-
വലിയൊരുകോഴിയിതാവളപ്പിൽനോക്കു ॥

൨. ഇതു പെരിയൊരവസ്ഥയുള്ള നാട്ട്യ-
ത്തൊടു തലപൊക്കി നിവൎന്നു നിന്നിടുന്നു.
ഇതിന്റെ നെടുതായ കണ്ഠനാളം
വിലസുവതുണ്ടു കടഞ്ഞെടുത്തപോലെ ॥

൩. അഴകൊഴുകിന ചേവലിന്റെറപിമ്പാ-
യനവധി മക്കളുമൊത്തു മന്ദമന്ദം
ഒരു പിടയിരതേടിയങ്ങുമിങ്ങും
തിരിവതു കൺകളിരുന്ന കാഴ്ചതന്നൊ ॥

൪. പുലരുവതിന്നു തെല്ലുമുമ്പു പൂങ്കോ-
ഴികൾ പതിവായെഴുന്നേററു കൂകിടുന്നു,
പ്രകൃതിയിഹ വിശേഷമായ് ചമച്ചു
ള്ളരിയൊരുറക്കമുണർത്തിപോലെയെന്നും

൫. "ഉണരുക, പണിനോക്കുകെ"ന്നുനമ്മോ-
ടിവപുലർ വേളിയിലേററു ചൊല്ലിടുന്നു;
മടി ചെറുതണയാതെതന്നെ കാല-
ത്തുണരുക കോഴികളെന്നപോലെ നാമും ॥

വള്ളത്തോൾ ഗോപാലമേനോൻ.

---

# ൨൦ ശയനം

---

൧. നിദ്രാ സൌഖ്യത്തിനാവശ്യ-
മെത്രയും നല്ലുറക്കറ
പരിശുദ്ധ വായു ധാരാളം
ചരിക്കത്തക്കതാകണം ॥

൩. ശീതോഷ്ണം മിതമായ്വേണ-
മതിൽ ചൂടേറിയെങ്കിലൊ
ബാധകം നേരിടും നിദ്ര-
യ്ക്കുമില്ലൊരു സംശയം ॥

൪. കിടക്കത്തൂണിയും, മെത്ത-
വിരിപ്പും, ചണനാർത്തൂണി
ആയിരിക്കുക നന്നാത്രേ
ആയതൊഴിക്കയ്യുണക്കണം ॥

൫. വലത്തുഭാഗമായ്നിത്യം
ചെരിഞ്ഞിട്ടു ശയിക്കണം
ഉറക്കം വരുവാൻ കാത്തു്
കിടക്കുന്നതു ചീത്തയാം ॥

൬. ഉറങ്ങുന്നതുമപ്പോലെ
യുറക്കം, മുണരുന്നതും
നിത്യവും, സമയം തെററാ-
താചരിയ്ക്കണമേവനും ॥

ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള.

---

## ൨൧ ആറു

---

൧. ഇരുകരയുമൊരേവിധം ഞെരുക്കി
ത്തെരുതെരെയായൊഴുകുന്നാ നല്ലൊരാറേ!
പെരുകിയെവിടെനിന്നു നീയിവണ്ണം
വരുവതു ചൊല്ലുക പോവതെങ്ങു പിന്നേ?

൨. മലയുടെ മുകളിൽ പിറന്നുവെന്നും
ജലമിതു പേമഴ പെയ്തു പൊങ്ങിയെന്നും
പലരുമിഹ പറഞ്ഞു കേട്ടിരിപ്പൂ
നിലശരിയായറിയുന്നതില്ലഹോ ഞാൻ ॥

൩. വലിയ കടലിലോ വഴിക്കുതെങ്ങിൻ
നിലകം ചുഴന്നൊരു കായൽതന്നിലോ നീ
ഒലിയൊടുമൊഴുകിഗ്ഗമിപ്പതീ നിൻ
പൊലിമയിൽ ഞാനലമത്ഭുതപ്പെടുന്നു.

൪. കുഴികളുമതുപോൽ ചുഴന്നു ചുററും
ചുഴികളുമേതുമെഴാത്തിൽ ഞങ്ങളെല്ലാം
ഒഴിവുദിനമണഞ്ഞു നീന്തി വെള്ളം-
വഴിപുനരക്കരെപുക്കു നില്ക്കുമെല്ലോ.

൫. ചളിയിളകിവരായ്കകൊണ്ടു ചാടി
ക്കുളിയൊളിമുക്കിളി തൊട്ടതിങ്കലേററം
കുളി സമയമെനിക്കു മോഹമുണ്ടു-
ത്തളിരിൽ വരുന്നു തണുപ്പു കൂടിയാലും.

൯. കരയിലലതകൾ വീഴ്കകൊണ്ടോ
കരയുവതിങ്ങനെ നീ കഠോരമായീ?
പരമിഹ ഗതിമോളിൽനിന്നു കീഴ്പോ
ട്ടരമുള്ളവാവുകകൊണ്ടു തന്നെയാണോ?

൰. ചൊറുതുമഗതിയല്ല നീയഴ്ക്കി
നാറുതിയണപ്പവനെന്നിവണ്ണമെല്ലാം
നുറുരസമൊട്ടുമോർത്തു തന്നെനിന്നേ
പൊറുതിയൊടിങ്ങനെ ഞങ്ങളാശ്രയിപ്പൂ.

പട്ടം എൻ. കൊച്ചുകൃഷ്ണപിള്ള ബി. എ.

---